# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1390 — 13/07/2016-ൽ മറുപടിക്ക്

### പാരാ ടൈഫോയിഡ് നിയന്ത്രണ വിധേയമാക്കാൻ നടപടി

ചോദ്യം — മറുപടി

ശ്രീ. ടി.വി. ഇബ്രാഹിം

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) കൊണ്ടോട്ടി താലൂക്കിൽ വ്യാപകമായി പടർന്ന് പിടിച്ച പാരാ ടൈഫോയിഡ് രോഗം നിയന്ത്രണ വിധേയമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ? | എ) | 27/03/2016 ന് കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള നെടിയിരുപ്പ് പി.എച്ച്.സി ഏരിയ ഉൾപ്പെടുന്ന കുന്നത്ത് പറമ്പ് എന്ന സ്ഥലത്തെ വിവാഹ സത്ക്കാരത്തിന് നേരിട്ട് പോയും, വീട്ടിൽ കൊണ്ട് വന്ന് ഭക്ഷണം കഴിച്ചവർക്കും മാത്രം ഉണ്ടായ പാരാ ടൈഫോയിഡ് പനിയായിരുന്നു വിവാഹത്തോടനുബന്ധിച്ച് 10 ദിവസത്തിനു ശേഷം കൊണ്ടോട്ടി പ്രദേശത്ത് ആകമാനം വ്യാപിച്ച പനിക്ക് കാരണം.<br>13/04/2016 ന് തന്നെ ഇതിന്റെ വ്യക്തമായ കാരണം പാരാ ടൈഫോയിഡ് എ എന്ന രോഗാണു ആണെന്നും ഇത് വെള്ളത്തിൽ കൂടി പകരുന്ന രോഗമാണെന്നും മനസിലാക്കിയിട്ടുണ്ട്.പാരാ ടൈഫോയിഡ് പനിയെ സംബന്ധിച്ചിടത്തോളം അത് 10 ദിവസം മുതൽ 25 ദിവസം വരെ ഇൻകുബേഷൻ പിരീയഡ് ഉള്ള രോഗാണുവാണ്. ഇതിന്റെ പനി മാസങ്ങളോളം നീണ്ടു നിൽക്കാം. മാത്രമല്ല ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരാനുള്ള സാധ്യത വളരെ കുറവാണ്. ഇവിടെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ഈ അസുഖം പകർന്നിട്ടില്ല.<br>പനി പടർന്നു പിടിച്ചതുമായി ബന്ധപ്പെട്ട് 11-ാം തീയതി തന്നെ ജില്ലാ മെഡിക്കൽ ഓഫീസർ അടങ്ങുന്ന സംഘം സ്ഥലം പരിശോധിക്കുകയും ആശുപത്രി സന്ദർശിച്ച് ടൈഫോയിഡ് ലക്ഷണത്തിന്റെ അടിസ്ഥാനത്തിൽ രക്ത |

സാമ്പിൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ അയച്ച് 13 ന തന്നെ രോഗകാരണം സ്ഥിരീകരിക്കുകയും തുടർന്ന് ആവശ്യമുള്ള മരുന്നു വിതരണവും,മെഡിക്കൽ ക്യാമ്പുകളും, വീട്ടു വീടാന്തരം കയറിയിറങ്ങിയുള്ള ബോധവൽക്കരണവും നടത്തിയിട്ടുണ്ട്. ഒരു മാസത്തിനു ശേഷം ഗവൺമെന്റ് മെഡിക്കൽ കോളേജ് മഞ്ചേരിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി സഹകരിച്ച് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പഠനം നടത്തുകയും ആയതിന്റെ കാരണം ഉപയോഗിച്ച വെള്ളം തന്നെ എന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വെള്ളം എടുത്ത കിണറിൽ നിന്നും മറ്റൊരു വ്യക്തി ഇതേ സമയം ഒരു മരണ സംബന്ധമായ ചടങ്ങിന് വെള്ളം എത്തിച്ചതിൽ ഇതേ അസുഖം അവിടേയും കണ്ടെത്തിയിരുന്നു. ആയതിനാൽ ഉറവിടം കൊണ്ടോട്ടിയിലെ നജാത്ത് മെറ്റൽസിന്റെ പറമ്പിലുള്ള പൊതു കിണറാണെന്ന് ബോദ്ധ്യപ്പെടുകയും അടിയന്തിര പ്രതിരോധ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ കിണർ അടക്കം കൊണ്ടോട്ടിയിൽ വെള്ളം എടുക്കുന്ന എല്ലാ കിണറുകളും നിത്യേന ക്ലോറിനേഷൻ ചെയ്യുകയും, ജലവിതരണം ആരോഗ്യ-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാത്രവുമാണ് നടത്തിയിട്ടുള്ളത്. ലൈസൻസില്ലാതെയും, നിയമാനുസൃതമല്ലാതെയും അണു വിമുക്തമാക്കാത്ത കുടിവെള്ളം വിതരണം ചെയ്ത വ്യക്തിയുടെ പേരിൽ പോലിസ് കേസെടുത്തിട്ടുണ്ട്.

ഇപ്പോൾ പനി നിയന്ത്രണ വിധേയമാണ്. പിന്നീട് റിപ്പോർട്ട് ചെയ്ത പനികൾ സാധാരണ വൈറൽ പനി മാത്രമാണ്. മാത്രമല്ല അഡ്മിഷൻ സൗകര്യത്തിനായും, മരുന്ന് വിതരണത്തിനായും തൊട്ടടുത്ത പി.എച്ച്.സി നെടിയിരുപ്പ്, സി.എച്ച്.സി കൊണ്ടോട്ടി എന്നീ സ്ഥാപനങ്ങൾ

| | | |
|---|---|---|
| | | സുസജ്ജമാണ്. ഇതിനോടനുബന്ധിച്ചുണ്ടായ എല്ലാ ചികിത്സാ സംബന്ധമായ മുൻകരുതലുകളും നിയന്ത്രണ വിധേയമാക്കാനുള്ളതും പ്രതിരോധവുമായി ബന്ധപ്പെട്ടിട്ടുള്ളതുമായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ആരോഗ്യ വകുപ്പ് നിർവ്വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ